# വിശ്വജ്യോതിയിൽ മെറിറ്റ് ആൻഡ് ഫെയർവെൽ ദിനം

വാഴക്കുളം: വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളജിൽ 2016-20 ബി. ടെക് ബാച്ചുകളുടെ മെറിറ്റ് ആൻഡ് ഫെയർവെൽ ഡേ മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ ഡോ. സാബു തോമസ് വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്തു. കോളജ് മാനേജർ മോൺ. ഡോ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അധ്യക്ഷത വഹിച്ചു. വിവിധ വിഭാഗങ്ങളിലായി വിജയം നേടിയ വിദ്യാർഥികളും അവരുടെ രക്ഷിതാക്കളും സംബന്ധിച്ചു. ബെസ്റ്റ് ഔട്ട് ഗോയിംഗ് വിദ്യാർഥിക്കുള്ള ഫാ. തോമസ് മലേക്കുടി എൻഡോവ്മെന്റ്, ഓരോ ബ്രാഞ്ചുകളിലായി മികച്ച വിജയം നേടിയ വിദ്യാർഥികൾക്കുള്ള ഫാ. ജോസഫ് പുത്തൻകുളം മെമ്മോറിയൽ അവാർഡ്, മെക്കാനിക്കൽ വിദ്യാർഥികൾക്കുള്ള മുരളീകൃഷ്ണ അവാർഡ് എന്നിവയും വിതരണം ചെയ്തു. ഓരോ വിഭാഗങ്ങളിലെയും മികച്ച പ്രോജക്റ്റുകൾക്കുള്ള പുരസ്കാരങ്ങളും നൽകി. സംസ്ഥാനത്തിനു പുറത്തു നിന്നുള്ള അർബുദ രോഗബാധിതയായ കുഞ്ഞിന് മൂലകോശം ദാനം ചെയ്ത വിശ്വജ്യോതിയിലെ വിദ്യാർഥികളായിരുന്ന ഇരട്ട സഹോദരികളായ മിന്നയേയും മിന്നിയേയും അനുമോദിച്ചു. കോളജ് ഡയറക്ടർ ഫാ. പോൾ നെടുമ്പുറത്ത്, പ്രിൻസിപ്പൽ ഡോ. കെ.കെ. രാജൻ, വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു, പി.ടി.എ. പ്രസിഡന്റ് നോബിൾ ജോൺ, വിദ്യാർഥി യൂണിയൻ ചെയർമാൻ ഷോൺ സന്തോഷ് എന്നിവർ പ്രസംഗിച്ചു.



■ മികച്ച ഔട്ട് ഗോയിംഗ് വിദ്യാർഥിക്കുള്ള അവാർഡ് എൽദോസ് സാജുവിന് വിശ്വജ്യോതി കോളേജ് മാനേജർ മോൺ. ഡോ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ നൽകുന്നു.